പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 3 30.11.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നില വിലുള്ള സാമ്പത്തിക സ്ഥിതി മെച്ച പ്പെടുത്താൻ എന്തൊക്കെ നടപടി കൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ / വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനായി ബാങ്കു കളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്ന തിനായി M/s SBI CAPITAL MARKETS Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി പൊതുമേഖലാ / വാണിജ്യ ബാങ്കുകൾക്ക് നൽകുകയും അതിൻപ്രകാരം 10 ബാങ്കുകൾ വായ്പ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ് തിട്ടുണ്ട്. താഴെ പേർ പറയുന്ന ബാങ്കുകൾ കൺസോർഷ്യ ത്തിലേക്ക് ടി ബാങ്കുകളുടെ പേരിനു നേരെ നൽകിയിരിക്കുന്ന തുക അനുവദിച്ച് നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | - 350 | കോടി രൂപ |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ് | - 50 | " |
| ആന്ധ്രാ ബാങ്ക് | - 100 | " |
| കാനറാ ബാങ്ക് | - 200 | " |
| കേരളാ ഗ്രാമീൺ ബാങ്ക് | - 50 | " |
| യൂണിയൻ ബാങ്ക് | - 100 | " |
| വിജയാ ബാങ്ക് | - 100 | " |
| പഞ്ചാബ് നാഷണൽ ബാങ്ക് | - 75 | " |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | - 200 | " |
| ലക്ഷ്മിവിലാസം ബാങ്ക് | - 75 | " |
| ആകെ | **- 1,300** | **കോടി രൂപ** |

ഇവയിൽ SBT, Lekshmi Vilas Bank (LVB) എന്നീ ബാങ്കുകളിൽ നിന്നുള്ള തുക കെ.റ്റി.ഡി.എഫ്.സി.ക്ക് അനുവദിച്ച് നൽകി കഴിഞ്ഞു. ഇതുസംബന്ധിച്ച് കരാർ ഉടൻ ഒപ്പുവെയ്ക്കുന്നതാണ്. ഇത്തരത്തിൽ കെ.റ്റി. ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുക്കുക വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.

2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തു കഴിഞ്ഞു. പെൻഷൻ

ഫണ്ട് രൂപീകരിച്ചത് വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് കൃത്യമായി പെൻഷൻ നൽകുവാൻ കഴിയുന്നുണ്ട്.

പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ Cess ഇന ത്തിൽ തുക ഈടാക്കുന്നതു വഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് 6 കോടിയിൽപരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തിമൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.

2008-09 മുതൽ 2013-14 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയി

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി കൊറിയർ / പാർസൽ സർവ്വീസുകൾ M/s TRACKON Courier (P) Ltd. എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ച് കഴിഞ്ഞു. ബസ് സ്റ്റേഷനുകളിൽ ATM Counter-കൾ, Indian Coffee House Outlet-കൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗതിയിലാണ്. അങ്കമാലിയിലും, തിരുവനന്തപുരം സെൻട്രലിലും Indian Coffee House-ന്റെ ശാഖ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി.യിലെ Online Reservation System കാലോചിതമായി പരിഷ്ക്കരിച്ച് കഴിഞ്ഞു. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളുമായി കെ.എസ്.ആർ.ടി.സി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. |
| (ബി) | അവയുടെ ഫലം വിശദമാക്കുമോ? | (ബി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള 1300 കോടിയിൽപരം രൂപയുടെ വായ്പ തിരിച്ചടവിനത്തിൽ കെ.എസ്.ആർ.ടി.സി പ്രതിമാസം 52 കോടിയിൽപരം രൂപയാണ് ചെലവഴിച്ചു വരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള ടി വായ്പ മറ്റ് പൊതുമേഖലാ / വാണിജ്യ ബാങ്കുകളിലേക്ക് കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലയളവിലും പൂർണ്ണമായി മാറ്റുന്നതോടുകൂടി പ്രതിമാസ വായ്പാ തിരിച്ചടവ് ശരാശരി 15-20 കോടി രൂപയായി കുറയുന്നതാണ്. ഇപ്രകാരം |

| | | |
|---|---|---|
| | | കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ ഗണ്യമായ തുക കുറയുന്നതാണ്. 2015 ഏപ്രിൽ 1 മുതൽ പെൻഷൻ വിതരണത്തിനായി പെൻ ഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് പ്രതിമാസം കെ.എസ്.ആർ. ടി.സി നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനു വദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുക യും ചെയ്തിട്ടുണ്ട്. 2015 ഏപ്രിൽ 1 മുതൽ യാത്രക്കാരിൽ നിന്നും Social Security Cess ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്. ആർ.ടി.സി.ക്ക് 6 കോടിയിൽ പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. കെ.എസ്. ആർ.ടി.സി.യുടെ ആസ്തിമൂല്യം പുനർ നിർണ്ണയിച്ചതുവഴി കെ.എസ്.ആർ.ടി.സി. യുടെ വിപണിമൂല്യം ഗണ്യമായി ഉയർ ത്താൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുക ളായി മാറ്റുകയും സമയബന്ധിതമായി പുതിയ ബസുകൾ പുറത്തിറക്കുകയും ചെയ്തത് വഴി കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ